# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -4154 | 24.10.2016 ൽ മറുപടിയ്ക്ക്

## വീട്ടമ്മയുടെ കൊലപാതകം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ നങ്ങ്യാർകുളങ്ങര പാലമൂട് തെക്കുംഭാഗം ഭാരതീ വീട്ടിൽ ജലജാസുരൻ എന്ന വീട്ടമ്മ 13.08.2015-ൽ കൊലചെയ്യപ്പെട്ടതുമായി ബന്ധപ്പെട്ട കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്; | (എ) ക്രൈംബ്രാഞ്ച് വിഭാഗം HHW-1 ആലപ്പുഴ സബ്ബ് യൂണിറ്റ് ഊർജ്ജിതമായ അന്വേഷണം നടത്തി വരുന്നു. |
| (ബി) മുൻ സർക്കാരിന്റെ കാലത്ത് ഈ കേസ് സി.ബി.ഐ.ക്ക് കൈമാറിയിരുന്നോ; എങ്കിൽ സി.ബി.ഐ. ഈ കേസിന്റെ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ; | (ബി) സർക്കാർ ഉത്തരവ് (എം.എസ്) നം. 110/2016/ആഭ്യന്തരം തീയതി 22.03.2016 പ്രകാരം ടി കേസിന്റെ അന്വേഷണം സി.ബി.ഐ.യ്ക്ക് കൈമാറുന്നതിന് വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. എന്നാൽ കേസന്വേഷണം സി.ബി.ഐ നാളിതുവരെ ഏറ്റെടുത്തിട്ടില്ല. |
| (സി) സി.ബി.ഐ. കേസിന്റെ അന്വേഷണം ഏറ്റെടുത്തിട്ടില്ലെങ്കിൽ ഈ കേസ് ഏറ്റെടുക്കുവാൻ സി.ബി.ഐ. യോട് വീണ്ടും ആവശ്യപ്പെടുമോ; | (സി) കേന്ദ്ര സർക്കാരിന് 15/10/2016 തീയതിയിൽ കേസന്വേഷണം ഏറ്റെടുക്കണമെന്നാവശ്യപ്പെട്ട് ഓർമ്മക്കുറിപ്പ് അയച്ചിട്ടുണ്ട്. |
| (ഡി) സി.ബി.ഐ. അന്വേഷണം ഏറ്റെടുത്തില്ലെങ്കിൽ ക്രൈബ്രാഞ്ച് അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) നിലവിൽ ക്രൈംബ്രാഞ്ചന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ